2 (*39) **ഡി.പി.ഇ.പി. നടപ്പിലാക്കൽ**

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ്, എയിഡഡ്, അൺ എയിഡഡ് സ്കൂളുകളിലും നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് ഇത് പൂർണ്ണമായി നടപ്പാക്കും എന്നത് അറിയിക്കുമോ;

(സി) നടപ്പാക്കാനുദ്ദേശമില്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കാണ് ഇക്കൊല്ലം ഡി.പി.ഇ.പി. പദ്ധതിപ്രകാരം മാറ്റം വരുത്തിയതെന്ന് അറിയിക്കുമോ;

(ഇ) പുതിയ പാഠപുസ്തകങ്ങൾ ഇതിനകം സ്കൂളുകളിൽ എത്തിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(എഫ്) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പുതിയ പാഠപുസ്തക വിതരണം പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) കേരള സർക്കാർ സിലബസ് പിന്തുടരുന്ന എല്ലാ സ്കൂളുകളിലും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) അടുത്ത 5 വർഷത്തിനുള്ളിൽ പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ആറ് ഡി.പി.ഇ.പി. ജില്ലകളിലെ ആറാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾക്കാണ് ഈ അദ്ധ്യയനവർഷം മാറ്റം വരുത്തിയത്. അതോടൊപ്പം ഡി.പി.ഇ.പി. ജില്ലകളിലെ 5-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ ഡി.പി.ഇ.പി. ഇതര ജില്ലകളിലേയ്ക്കു കൂടി ഈ വർഷം ബാധകമാക്കി.

(ഇ)&(എഫ്) പുതിയ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായി വരുന്നു. ജൂലൈ മാസത്തോടുകൂടി പാഠപുസ്തകവിതരണം പൂർത്തിയാകുമെന്ന് കരുതുന്നു.

3 (*51) **ഡി.പി.ഇ.പി. നടപ്പിലാക്കാൻ ജനകീയ സമിതികൾ**

ശ്രീ. എം. മുരളി :

ശ്രീ. കെ. സുധാകരൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പദ്ധതി നടപ്പാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തലത്തിൽ;

(സി) ഈ സമിതികളുടെ ഘടനയെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly